നാവായിക്കുളം പഞ്ചായത്തിലെ ബാലവാടികൾ

343 [446] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ നാവായിക്കുളം പഞ്ചായത്തിൽ എത്ര ബാലവാടികളുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) അവിടെ എത്ര ക്രഷുകളുണ്ടെന്നും അവ എവിടെയൊക്കെ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) അവിടെയെത്ര ഫീഡിംഗ് സെൻറുകളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഡി) അവിടെയെത്ര വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ഇ) അവിടെ ഇനിയും ഈ വർഷം ബാലവാടികളോ ക്രഷുകളോ, ഫീഡിംഗ് സെൻറുകളോ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളോ പുതുതായി അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) നാവായിക്കുളം പഞ്ചായത്തിൽ അഞ്ച് ബാലവാടികൾ—ഡീസൻറ് മുക്ക്, നാവായിക്കുളം, കടവൂർ എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) ഗ്രാമവികസന വകുപ്പിൻെറ കീഴിൽ ഈ പഞ്ചായത്തിൽ ക്രഷുകളില്ല.

(സി) മേൽ പറഞ്ഞ ബാലവാടികളുമായി ബന്ധപ്പെട്ട അഞ്ച് ഫീഡിംഗ് സെൻറുകൾ മാത്രം പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഈ വകുപ്പിൻെറ കീഴിൽ ഈ പഞ്ചായത്തിൽ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളില്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

മടവൂർ പഞ്ചായത്തിലെ ബാലവാടികൾ

344 [447] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ മടവൂർ പഞ്ചായത്തിൽ എത്ര ബാലവാടികളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) അവിടെയെത്ര ക്രഷുകളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) അവിടെയെത്ര ഫീഡിംഗ് സെൻറുകളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഡി) അവിടെയെത്ര വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) അവിടെ ഇനിയും ഈ വർഷം ബാലവാടികളോ ഫീഡിംഗ് സെൻറുകളോ ക്രഷുകളോ, വയോജന കേന്ദ്രങ്ങളോ പുതിയതായി അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly